■ പ്രതികരണം

ജലീൽ പടന്ന

# ധാർഷ്ട്യംകൊണ്ട് മറയ്ക്കാനാവില്ല ഈ പാടുകൾ

**നന്ദിഗ്രാമിൽ** ഒരിക്കൽ കൂടി ചോരപ്പുഴ ഒഴുക്കി ബുദ്ധദേവിന്റെ അഭിനവ കമ്യൂണിസ്റ്റ് മന്ത്രിസഭ മുതലാളിത്ത കൂറ് തെളിയിച്ചു. നന്ദിഗ്രാം യുദ്ധമേഖലയായിരിക്കുന്നുവെന്ന പശ്ചിമബംഗാൾ ഗവർണർ ഗോപാൽകൃഷ്ണ ഗാന്ധിയുടെ പ്രസ്താവനക്ക് തൊട്ടുപിന്നാലെയാണ് ഭൂമി ഏറ്റെടുക്കലിനെതിരെ ചെറുത്ത് നിൽപ് നടത്തിയിരുന്ന ഗ്രാമീണരായ കർഷകർക്ക് നേരെ വെടിവെപ്പും വ്യാപകമായ അക്രമ സംഭവങ്ങളും അരങ്ങേറിയത്. സമരക്കാരെ നേരിട്ടിരുന്നത് നിയമപാലകരായിരുന്നില്ല സി.പി.എം പ്രവർത്തകരായിരുന്നുവെന്നതാണ് ഏറെ ആശങ്കയുളവാക്കുന്ന കാര്യം.

തൊഴിലാളി വർഗത്തിന്റെ പുരോഗമന താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നു എന്നതായിരുന്നു മാർക്സിസത്തിന്റെ സവിശേഷത. ഈ സവിശേഷത കൊണ്ടുമാത്രം ജനമനസ്സുകളിൽ സ്വാധീനം നേടാനായ ഇടതു പാർട്ടികൾക്ക് പക്ഷേ, കേരളത്തിലും പശ്ചിമബംഗാളിലും ആദർശവ്യതിയാനം സംഭവിച്ചിരിക്കുന്നു. കർഷകരെയും തൊഴിലാളികളെയും വെടിവെച്ചിട്ടും മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കുമെന്ന് തീരുമാനിച്ച് കഴിഞ്ഞിരിക്കുന്ന പാർട്ടിക്ക് ഇനി ഒരു അതിജീവനം സാധ്യമാണോ എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. കർമരംഗത്ത് മുതലാളിത്ത അജണ്ടകൾ നടപ്പിലാക്കാൻ പാടുപെടുകയും ഒപ്പംതന്നെ നാവിൻതുമ്പിൽ തൊഴിലാളി-കർഷക സ്നേഹം യഥേഷ്ടം വിളമ്പുകയും ചെയ്യുന്ന കാപട്യത്തെ ജനം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു.

സോഷ്യലിസ്റ്റ് നിർമാണ പ്രക്രിയയിൽ കർഷക ജനസാമാന്യത്തെ പങ്കാളികളാക്കുന്നതിൽ വീഴ്ച വരുത്തിയ സോവിയറ്റ് യൂനിയന്റെ നിലപാടുകളെ വിമർശിച്ചുകൊണ്ട് ഇ.എം.എസ് നമ്പൂതിരിപ്പാട് എഴുതിയത് ഇങ്ങനെ; 'സോഷ്യലിസ്റ്റ് സമൂഹ നിർമാണത്തിനുള്ള ആവശ്യോപാധികളിലൊന്നായി തൊഴിലാളി-കർഷക സമരസഖ്യത്തെ ലെനിൻ എടുത്ത് കാണിച്ചിരുന്നു. കർഷക ജനസാമാന്യത്തിന് സ്വകാര്യ ഭൂസ്വത്തിനോടുള്ള മമതയെ ബഹുമാനിച്ചുകൊണ്ട് വേണം അവരെ സോഷ്യലിസത്തിലേക്ക് കൊണ്ടുപോകാനെന്നത് സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ഇതിന് വിപരീതമായി കർഷക ജനസാമാന്യത്തെ തൊഴിലാളി വർഗ ഭരണകൂടത്തിന് എതിരാക്കുവാനുള്ള പ്രവണത കൂട്ടുകൃഷി പ്രസ്ഥാന കാലത്ത് പ്രത്യക്ഷപ്പെട്ടതിനെ സ്റ്റാലിൻ തന്നെ നിശിതമായി വിമർശിക്കുകയുണ്ടായി. പക്ഷേ, ആ പ്രവണത പൂർണമായും തുടച്ചു നീക്കപ്പെട്ടിട്ടില്ല, അതിന്റെ ഫലമായി തൊഴിലാളി വർഗം ഭരണകൂടത്തിൽനിന്നും അകന്ന് പോയെന്ന് ഇപ്പോൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു.'

ഇ.എം.എസ് പ്രകടിപ്പിച്ച ആശങ്കകൾ അന്ന് സോവിയറ്റ് യൂനിയനെ ചൊല്ലിയായിരുന്നുവെങ്കിൽ, വർത്തമാനകാലത്ത് കമ്യൂണിസ്റ്റ് ആദർശം പറഞ്ഞ് ഊറ്റം കൊള്ളുന്ന പശ്ചിമബംഗാളിലെയും കേരളത്തിലെയും സ്ഥിതി ഈ ആശങ്കകൾ മുൻനിർത്തി വിശകലനം ചെയ്യേണ്ടതുണ്ട്. കർഷകർക്ക് നേരെ വെടിയുതിർത്തുകൊണ്ട് ബംഗാളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യാവസായിക വിപ്ലവത്തിന് പോളിറ്റ്ബ്യൂറോ തന്നെ പച്ചക്കൊടി കാട്ടിയിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം ഒരു വിശകലനത്തിന് പ്രസക്തിയുണ്ട്.

കൈയൂക്കിന്റെയും ധാർഷ്ട്യത്തിന്റെയും രാഷ്ട്രീയത്തിന് അൽപായുസ്സാണെന്നുള്ള വസ്തുത തിരിച്ചറിയാത്തതാണ് സി.പി.എമ്മിന്റെ ദുര്യോഗം. ബുദ്ധദേവിന്റെ കർമങ്ങളും പിണറായി ഗ്രൂപ്പിന്റെ വാമൊഴി വഴക്കങ്ങളും ദ്യോതിപ്പിക്കുന്നത് മറ്റൊന്നല്ല, ഈ വഴക്കത്തിന് മുന്നിലാണ് മേധാപട്കർ വെറും പടുവും ആർട്ടിസ്റ്റ് നമ്പൂതിരി വെറും ശുംഭനും ആയി തീരുന്നത്.

തെറ്റുകയും തിരുത്തുകയും ചെയ്യുക എന്നത് ചലനാത്മകതയെ സൂചിപ്പിക്കുന്നു. തെറ്റുകയും എന്നാൽ തിരുത്താതിരിക്കുകയും ചെയ്യുന്നത് സ്ഥാപിത താൽപര്യമാണ്. ഈ തത്വം മുൻനിർത്തി വേണം സമീപകാലത്ത് ബംഗാളിലും കേരളത്തിലും മാർക്സിസ്റ്റ് പാർട്ടി കൈക്കൊണ്ട തീരുമാനങ്ങളെ വിലയിരുത്തേണ്ടത്. ഗുണകാംക്ഷയോടുകൂടി തെറ്റുകൾ ചൂണ്ടിക്കാണിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും മാധ്യമങ്ങളെയും കടന്നാക്രമിക്കുകയും ശത്രുപാളയത്തിൽ കുടിയിരുത്തുകയും ചെയ്യുക എന്നതാണ് കമ്യൂണിസ്റ്റ് പാർട്ടി അടുത്ത കാലത്തായി സ്വീകരിച്ചിരിക്കുന്ന രീതി. പാർട്ടിയുടെ ചലനാത്മകത നിലച്ചുപോയതായി ഇതിലൂടെ നമുക്ക് ബോധ്യപ്പെടുന്നു. സ്ഥാപിത താൽപര്യങ്ങളെ സംരക്ഷിച്ചു നിർത്താൻ തെറ്റുകളെ ന്യായീകരിക്കേണ്ടി വരുന്നത് കൂടുതൽ വലിയ തെറ്റുകളിലേക്ക് പാർട്ടിയെ കൊണ്ടെത്തിക്കുന്നു എന്നതിനും വർത്തമാനകാല സംഭവങ്ങൾ സാക്ഷിയാണ്.

ഇന്ത്യയിൽ വിശിഷ്യാ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് ഇടം ലഭിച്ചതിന്റെ സാമൂഹിക പശ്ചാത്തലം പഠനവി

ധേയമാക്കുമ്പോൾ ബോധ്യമാകുന്ന ചില വസ്തുതകളുണ്ട്. മഹാഭൂരിപക്ഷവും ദൈവവിശ്വാസികൾ പാർക്കുന്ന കേരളത്തിൽ ഒരു നിരീശ്വര നിർമത പ്രസ്ഥാനത്തിന് എങ്ങനെ വേരോട്ടം സാധ്യമായി? കോൺഗ്രസ്സ് പാർട്ടിക്ക് പോലും ഒറ്റക്ക് ഭരിക്കാൻ സാധ്യമല്ലെന്നിരിക്കെ കമ്യൂണിസ്റ്റ് പാർട്ടിയെ ഒറ്റക്ക് അധികാരത്തിലേറ്റാൻ കേരളീയ മനസ്സ് എങ്ങനെ പാകപ്പെട്ടു? ഇതിനുള്ള ഉത്തരം തേടുമ്പോഴാണ് കേരളീയ പൊതുസമൂഹത്തിൽ ഇടതുപാർട്ടികൾ നടത്തിയ സർഗാത്മക ഇടപെടലുകൾ ശ്രദ്ധയിൽപെടുക. തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ഓരം ചേർന്ന് സാമ്രാജ്യത്വ-മുതലാളിത്ത-ഭരണകൂട അച്ചുതണ്ടിനെതിരെ ജനപക്ഷത്ത്നിന്ന് പടനയിച്ചപ്പോൾ അവരോടൊപ്പം നിൽക്കാൻ ഇവിടുത്തെ മതവിശ്വാസികൾക്ക് കമ്യൂണിസ്റ്റ് പാർട്ടിയുടെ നിരീശ്വരത്വം തടസ്സം നിന്നില്ല. കമ്യൂണിസ്റ്റ് സമ്മതിദായകരിൽ മഹാഭൂരിപക്ഷവും പാർട്ടിയുടെ നിരീശ്വരവാദത്തിന് സമ്മതികൊടുത്തിരുന്നില്ല.

തെറ്റുകൾ ന്യായീകരിക്കപ്പെടുമ്പോഴും അത് താൽപര്യമായി മാറുമ്പോഴുമാണ് കുറ്റമായി മാറുന്നത്. ഈ കുറ്റമാണ് കഴിഞ്ഞ കുറച്ചു കാലമായി കമ്യൂണിസ്റ്റ് പാർട്ടി ചെയ്ത്പോരുന്നത്. അടിസ്ഥാന വർഗത്തിന്റെ അവകാശങ്ങളുടെ മേൽ കയറിനിന്ന് മുതലാളിത്വത്തിന്റെ താൽപര്യങ്ങൾക്ക്വേണ്ടി വാദിക്കുന്നവർ, ആരായിരുന്നാലും ചരിത്രത്തിൽ അവരുടെ സ്ഥാനം ചവറ്റുകൊട്ടയിൽ തന്നെയാണ്. ദൈവവും പ്രകൃതിയും മനുഷ്യനും ചേർന്നുള്ള പാരസ്പര്യത്തിൽനിന്നുകൊണ്ട് രൂപപ്പെടുത്തുന്ന വികസനവും വളർച്ചയും മാത്രമേ മനുഷ്യത്വപരം എന്ന് വിശേഷിപ്പിക്കാനാവൂ. പ്രകൃതിയെ കുറിച്ചുള്ള യഥാർഥ ജ്ഞാനവും അനുഭവവും ഉണ്ടെങ്കിലാണ് ഇത് സാധ്യമാകുക. ഗോർബച്ചേവിന്റെ പരിഷ്കരണത്തിന് കാരണമായതും അനുഭവങ്ങളാണ്. കേരളത്തിൽ വി.എസ് അച്യുതാനന്ദൻ തന്റെ നിലപാടുകൾ രൂപപ്പെടുത്തുന്നതും അനുഭവങ്ങളിൽനിന്ന് കൊണ്ടാണ്. അതുകൊണ്ടാണ് പലപ്പോഴും ഇദ്ദേഹം നേതൃത്വത്തിന്റെ വഴിയിൽനിന്നും മാറി സഞ്ചരിക്കുന്നത്. ജെ.എൻ.യുവിൽനിന്നും മറ്റുവിദേശ സർവകലാശാലകളിൽനിന്നും രാഷ്ട്രീയവും കമ്യൂണിസവും പഠിച്ചവർക്ക് നന്ദിഗ്രാമിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന ഗ്രാമീണരുടെ ദുഃഖവും നർമദയിൽ വെള്ളത്തിൽ മുങ്ങുമെന്ന് ആശങ്കപ്പെടുന്ന തദ്ദേശീയരുടെ ചെറുത്തു നിൽപും മുത്തങ്ങയിൽനിന്ന് ആട്ടിയോടിക്കപ്പെടുന്ന ആദിവാസികളുടെ നിലവിളിയും കുടിവെള്ളത്തിനായി പൊരുതുന്ന പ്ലാച്ചിമടയിലെ ആദിവാസികളുടെ രോദനവും മനസ്സിലായെന്ന് വരില്ല.

കമ്യൂണിസം ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ അതിന്റെ തകർച്ച സുനിശ്ചിതമാണ്. ഏഷ്യാറ്റിക് കമ്യൂണിസത്തിന്റെ രൂപങ്ങൾ താൻ കണക്ക് കൂട്ടിയത് പോലെ ആവണമെന്നില്ലെന്ന് മാർക്സ് തന്നെ പറഞ്ഞിട്ടുണ്ട്. അഡ്ജസ്റ്റുമെന്റുകൾക്ക് വിധേയമായി ആദർശത്തിൽ വെള്ളം ചേർക്കുന്ന രീതി കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ കമ്യൂണിസ്റ്റ് പാർട്ടികൾ പരീക്ഷിച്ചു തുടങ്ങിയിരുന്നു. അപ്പോഴും സാമ്രാജ്യത്വത്തോടും മുതലാളിത്തത്തോടും അടങ്ങാത്ത അരിശവും തൊഴിലാളി വർഗ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ അതീവ ജാഗ്രതയും പുലർത്താൻ നിഷ്കർഷ കാണിച്ചിരുന്നു. അധികാരത്തിന്റെ സുഖം ഏറെ അനുഭവിച്ചു തുടങ്ങിയ പാർട്ടി, മുതലാളിത്തത്തിന്റെ എല്ലാവിധ ജീർണതകളും പേറി അതിവേഗം തൊഴിലാളി വിരുദ്ധ പാർട്ടിയായി മാറിക്കൊണ്ടിരിക്കുന്നത് തെല്ലൊരു ബേജാറോടുകൂടിയാണെങ്കിലും നോക്കിയിരിക്കുകയാണ് ജനം ഇപ്പോൾ.

വർഗ സമരത്തിലൂടെ വർഗരഹിതമായ ലോകം കെട്ടിപ്പടുക്കാമെന്ന കാഴ്ചപ്പാടിലായിരുന്നു കഴിഞ്ഞ നൂറ്റാണ്ട് വരെയും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ തങ്ങളുടെ നിലപാടുകൾ രൂപപ്പെടുത്തിയിരുന്നത്. പിന്നീട് മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള ബന്ധങ്ങളിൽ പോലും വാണിജ്യവും സുഖവും ലാക്കാക്കി നിലപാടുകൾ സ്വീകരിക്കുന്ന മുതലാളിത്ത തത്വശാസ്ത്രത്തിന്റെ നടത്തിപ്പുകാരായി കമ്യൂണിസ്റ്റ് പാർട്ടി മാറിയപ്പോഴാണ് നന്ദിഗ്രാമും സിംഗൂരും സംഭവിച്ചത്. ചെറുത്തുനിന്ന് വെടിയേറ്റു മരിച്ച തൊഴിലാളിക്ക് തെറ്റുപറ്റിയെങ്കിൽ കാൾമാർക്സിനും തെറ്റുപറ്റി. കാരണം മൂലധനത്തിൽ എഴുതി വെച്ചിരിക്കുന്നു, തൊഴിലാളിക്ക് ഒരിക്കലും തെറ്റുപറ്റില്ല, തെറ്റു ചെയ്യുന്നതൊക്കെയും ബൂർഷ്വാ മുതലാളിമാരാണെന്ന്. ഈ വാദം തെറ്റോ ശരിയോ ആവട്ടെ അടിസ്ഥാന സാഹിത്യങ്ങളുടെ ഗണത്തിൽനിന്ന് 'മൂലധന'ത്തെ ഇനി മാറ്റിനിർത്തേണ്ടിവരും.

ഒരു ഭരണ സംവിധാനത്തിനും ഭീകരവാഴ്ചയിലൂടെ അതിന്റെ ഭദ്രത നിലനിർത്താൻ കഴിയില്ലെന്നത് സാമാന്യ ജ്ഞാനമാണ്. തൊഴിലാളി-കർഷക ചെറുത്തുനിൽപുകളെ ചോരയിൽ മുക്കിയ നന്ദിഗ്രാമും ജനകീയ താൽപര്യങ്ങളെ അട്ടിമറിച്ച മൂന്നാറും മാർക്സിസ്റ്റ് പാർട്ടിയുടെ മേൽ പതിച്ച കറുത്ത പാടുകളായി നിലനിൽക്കുക തന്നെ ചെയ്യും. നേതൃത്വത്തിന്റെ ധിക്കാരവും ധാർഷ്ട്യവും കൊണ്ട് മായ്ക്കാനാവുന്നതല്ല ഈ പാടുകൾ. ■